A

702

# വാർഷിക മൂല്യനിർണയം 2015-2016

## മലയാളം I

ക്ലാസ്സ് VII

കേരളപാഠാവലി

സമയം: 2 മണിക്കൂർ

നിർദ്ദേശങ്ങൾ :

1. മൂല്യനിർണയ പ്രവർത്തനത്തിനു മുമ്പ് 15 മിനിട്ട് സമാശ്വാസസമയം ആണ്. ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കണം.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

പ്രവർത്തനം 1

'സഞ്ചരിക്കാത്തവന് സന്തോഷമില്ല' എന്നാണല്ലോ ചൊല്ല്. ഓരോ യാത്രയും നമുക്ക് വ്യത്യസ്ത അനുഭവങ്ങൾ നൽകും. രാജൻ കാക്കനാടന്റെ 'ഹിമവാന്റെ മുകൾത്തട്ടിൽ' എന്ന യാത്രാവിവരണ ഗ്രന്ഥത്തിൽ സാഹസികവും ഏകാന്തവുമായ യാത്രയെക്കുറിച്ച് പരാമർശിച്ചു വല്ലോ. ആ യാത്രയിൽ അനുഭവിക്കേണ്ടി വന്ന വിഷമതകളേക്കാൾ എത്രയോ വലുതാണ് താൻ കണ്ടുമുട്ടിയ സിംലയുടെ കുടുംബത്തിന്റെ വൈഷമ്യങ്ങൾ.

(എ). നിങ്ങൾ നടത്തിയ ഏതെങ്കിലും ഒരു യാത്രയെക്കുറിച്ച് വിവരണം തയ്യാറാക്കൂ.

- സ്ഥലം, കാലം, സംഭവങ്ങൾ
- പ്രദേശത്തിന്റെ സവിശേഷതകൾ
- മനസ്സിനെ സ്പർശിച്ച മുഹൂർത്തങ്ങൾ

(ബി). മാതൃക പോലെ മാറ്റി എഴുതുക

ഉദാ- നിങ്ങൾ/അവൻ/കാണണം, നിങ്ങൾ അവനെ കാണണം

അമ്മ/കുട്ടി/കണ്ടു. , ..........................................................

പ്രവർത്തനം 2

സി.വി. രാമൻപിള്ളയുടെ 'മാർത്താണ്ഡവർമ്മ' എന്ന ചരിത്രനോവലിൽ യുവാവ് വെട്ടേറ്റു കിടക്കുന്ന ചിത്രം വരച്ചു കാണിക്കുന്നുണ്ടല്ലോ. ഈ ദാരുണ ദൃശ്യം കണ്ട് പ്രകൃതി പോലും സ്തബ്ധമായിപ്പോയി.

(എ). ഈ സംഭവം നടന്ന സ്ഥലത്തെ പ്രകൃതിക്കുണ്ടായ മാറ്റവും യുവാവിന്റെ അവസ്ഥയും വാങ്മയചിത്രമായി എഴുതി നോക്കു..

(ബി) മാതൃകപോലെ മാറ്റി എഴുതുക

വിണ്ടലം - വിൺ+തലം

കണ്ണീർ - . . . . . + . . . . . .

പ്രവർത്തനം 3

കേരളത്തിൽ പ്രചാരത്തിലുള്ള കലാരൂപങ്ങളാണ് പടയണിയും തെയ്യവും . ഒരു കാലഘട്ടത്തിലെ സാമൂഹ്യവ്യവസ്ഥയെ സൂചിപ്പിക്കുന്ന ഏടാണല്ലോ കതിവനൂർവീരൻ തെയ്യം 'ആയുധം പോയതും ആയുസ്സു പോയതും എനക്ക് ഒരു പോലെയാണ്.' എന്ന് മന്ദപ്പൻ അഭിപ്രായപ്പെടുന്നുണ്ട്.

(എ) മന്ദപ്പന്റെ സ്വഭാവ സവിശേഷതകൾ ഉൾപ്പെടുത്തി കഥാപാത്രനിരൂപണം തയ്യാറാക്കുക

- അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യം
- ആയോധനകലയോടുള്ള പ്രതിപത്തി.
- തന്റെ കഴിവിനെ അംഗീകരിക്കാത്തതിലുള്ള പ്രതിഷേധം, എന്നിവ ഉൾപ്പെടുത്താൻ ശ്രദ്ധിക്കുമല്ലോ

(ബി) നാദപ്രവാഹം - നാദത്തിന്റെ പ്രവാഹം എന്നാൽ

സാമൂഹ്യവ്യവസ്ഥ - . . . . . . . . . . .

**പ്രവർത്തനം 4**

കൈയിലെ പുസ്തകമടച്ച് ടാഗോർ ചുറ്റിലും നോക്കി. ഇരുകരകളിലും വീട്ടുവെളിച്ചത്തിന്റെ കൊച്ചു കൊച്ചു ശകലങ്ങൾ ! നദിയുടെ ഓളങ്ങളിൽ വെളിച്ചത്തിന്റെ നിഴലുകൾ ഇളകിയാടുന്നു. ആകാശത്തും നദിയിലും നക്ഷത്രങ്ങളുടെ രത്നഭംഗി ! ഇരുട്ടിന്റെ സൗന്ദര്യത്തിൽ മനം മയങ്ങി മഹാകവി നിശ്ചലനായി ഇരുന്നു.

(എ) സായാഹ്നത്തിന്റെ സൗന്ദര്യം ആസ്വദിച്ച നിമിഷങ്ങൾ നിങ്ങളുടെ ജീവിതത്തിലുമുണ്ടാകുമല്ലോ? അത്തരം ഒരു അനുഭവം എഴുതുക.

(ബി) പകരം പദം എഴുതുക.

മാൻ-

**പ്രവർത്തനം 5**

(എ). 'വർഷക്കാറ്റെടുക്കുമീപ്പച്ചയാം പല്ലക്കിങ്കൽ
ഹർഷപൂരിതകളായ്ക്കിടക്കും പുഷ്പങ്ങളേ'

ഇവിടെ പല്ലക്ക് എടുക്കുന്നത് ആരാണ്. ?

(നിലാവ്, കാറ്റ്, കർഷകൻ)

(ബി)കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ കർഷകരിലും മറ്റു ജീവജാലങ്ങളിലും വലിയ മാറ്റങ്ങൾ സൃഷ്ടിക്കും. പി. ഭാസ്കരന്റെ 'മഴമുകിൽ പെൺകൊടി'എന്ന കവിതയിലെ വരികളാണ് താഴെ കൊടുത്തിരിക്കുന്നത്

ഒരു കുടം തണ്ണീരുമൊക്കത്തു വച്ചോര-
ക്കരിമുകിൽപ്പെൺകൊടിയെങ്ങുപോയി
വയലിന്റെ തൊണ്ടവരണ്ടുകിടക്കുമ്പോ-
ളുയിരറ്റുതോപ്പുകൾ നിന്നിടുമ്പോൾ
തളിരുകളൊക്കെക്കൊഴിഞ്ഞൊരു മാന്തോപ്പിൽ
കുയിലുകൾ പാടിക്കുഴഞ്ഞിടുമ്പോൾ
അണയാത്തതെന്തവൾ വാനിന്റെ താഴ്വാര-
ത്തണലിൽ പതിവുപോൽ വെള്ളവുമായ്
ഒരു കുടം തണ്ണീരുമൊക്കത്തു വച്ചോര-
ക്കരിമുകിൽപ്പെൺകൊടിയെങ്ങുപോയി ?
പുലരി കിഴക്കങ്ങു വെള്ള വിരിച്ചപ്പോൾ
പുറമേയ്ക്കുപോയതാണിന്നവളും
അവിടെപ്പടിഞ്ഞാറെപ്പൊയ്കയിൽ പോയ്വരാ-
നിനിയെത്ര നേരമവൾക്ക് വേണം

കവിതയ്ക്ക് ഒരാസ്വാദനക്കുറിപ്പ് തയ്യാറാക്കുക.